# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ- 491 27.09.2011-ൽ മറുപടിക്ക്

## കായിക താരങ്ങൾക്കുള്ള ഗ്രേസ് മാർക്കും അലവൻസും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകാൻ നടപടികൾ സ്വീകരിക്കുമോ; | (എ) പൊതുവിദ്യാഭ്യാസ വകുപ്പും സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യയും കേരള സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള അസോസിയേഷനുകളും നടത്തുന്ന മത്സരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകിവരുന്നു. |
| (ബി) സ്പോർട്സിനെ പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ; | (ബി) ആരോഗ്യ കായിക വിദ്യാഭ്യാസം ഈ അദ്ധ്യയന വർഷം മുതൽ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്. |
| (സി) കായിക താരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അലവൻസുകൾ വർദ്ധിപ്പിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ? | (സി) കായിക താരങ്ങൾക്ക് ഡി.എ. ഇനത്തിൽ നൽകിക്കൊണ്ടിരുന്ന 65 രൂപ എന്നത് 90 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങളുടെ ദിനബത്ത പ്രതിദിനം 100 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ